

നിങ്ങൾക്കെന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ അച്ചിന്റെ ടെകിനീഷ്യനുമായി ബന്ധപ്പെടേണ്ടതാണ്. അവർ അച്ചിനെ ശരിയായ വിധത്തിൽ ഭേദഗതി ചെയ്തു തരുന്നതാണ്. നന്നായി ഫിറ്റ് ആവാത്ത ചെവിയുടെ അച്ച് ശബ്ദം ലീക്ക് ചെയ്യാനും  അത് മൂലം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒര് തരം ശബ്ദത്തിനും കാരണമാകും.

ചെവിയുടെ അച്ച് മൃദുലമായതൊ അല്ലെങ്കിൽ കട്ടിയുള്ളതോ ആയ മറ്റീരിയലുകൾ കൊണ്ട് ഉണ്ടാക്കാവുന്നതാണ്. കുട്ടികൾ വീഴുകയാണെകിൽ മൃദുലമായ അച്ച് ചെവിയക്ക് വേദന ഉണ്ടാക്കുകയില്ല.

### ശ്രവണ സഹായിയുടെ സർവ്വീസ് നിശചിത സമയത്ത് തന്നെ ചെയ്യുക.

നിങ്ങളുടെ  ശ്രവണ സഹായി, നന്നായി പരിശീലനം സിദ്ധിച്ച ആളുകളിൽ നിന്നും മാത്രം എല്ലാ വർഷവും സർവ്വീസ് ചെയ്യുവാൻ ശ്രദ്ധിക്കുക. ശ്രവണ സഹായിയുടെ തകരാറുകൾ നിങ്ങൾ സ്വന്തം നന്നാക്കുവാൻ ശ്രമിക്കരുത്.

അതേപോലെ നിങ്ങളുടെ ശവണ സാഹായിയുടെ പ്രവർത്തനം എല്ലാ വർഷവും വിലയിരുത്തുക.

### വാറണ്ടി

എല്ലാ ശ്രവണ സഹായിക്കും വാറണ്ടി ഉണ്ടാകും. ശ്രവണ സഹായി വാങ്ങുന്ന ആളുകളിൽ നിന്നും ഇതിനെ കുറിച്ച് പരിശോധിക്കുക.

### സെൽഫോൺ

ചില ശ്രവണ സഹായികൾ  സെൽഫോണുമായി നന്നായി പ്രവൃത്തിക്കില്ല.ശ്രവണ സഹായിയുമായി സെൽഫോൺ  പ്രവർത്തിക്കുമ്പോൾ മണി മുഴങ്ങുന്നതായോ, ബസ്സിന്റെ ഇരമ്പൽപോലെ ഉള്ളതുമായ ശബ്ദങ്ങൾ കേൾക്കാ-വുന്നതാണ്. നിങ്ങൾ കേൾവി പരിശോധിക്കാൻ പോകുമ്പോൾ നിങ്ങളുടെ സെ-ൽഫോൺ  കൂടെ കൊണ്ടുപോകുന്നത് അഭികാമ്യമായിരിക്കും. ചില സെൽഫോ-ണിൻെറ സവിശേഷതകൾ അവയെ ശ്രവണ സഹായിയുമായി ബന്ധിപ്പിക്കാൻ സഹായിക്കും. നിങ്ങൾ പുതിയ സെൽഫോൺ വാങ്ങിക്കുന്നതിന് മുമ്പ് ഇത്തരം സവിശേഷതകൾ ഉണ്ടോ എന്ന്അന്വോഷിക്കുക.

നിങ്ങൾക്ക് എന്ത് സംശയനിവാരണം ആവശ്യമായി വന്നാലും ഞങ്ങളെ സമീപിക്കാൻ മടികാണിക്കാതിരിക്കുക.

ആൾ  ഇന്ത്യ ഇൻസറ്റിറ്റൂട്ട് ഓഫ് സ്പീച്ച് അന്ട് ഹിയറിംങ് മാനസഗംഗോത്രി മൈസൂർ
ഫോൺ നമ്പർ: 0821-2514449, 2515805, 2514618 ഫാക്സ്: 0821-2510515
ഇ.മെയിൽ: aiish_dir@yahoo.comപ്രവർത്തനസമയം: 9.00 am to 5.30 pm
തിങ്കൾ മുതൽ വെള്ളി വരെ
പൊതു അവധി, ശനി, ഞായർ ദിവസങ്ങളിൽ പ്രവർത്തിക്കുന്നതല്ല.



# ശ്രവണ സഹായി ഉപയോഗിക്കുന്ന ആൾക്ക് വേണ്ടി

ALL INDIA INSTITUTE OF SPEECH AND HEARING
Manasagangothri, Mysore - 570 006

World Heath Organization

## ശ്രവണ സഹായി ഉപയോഗിക്കുന്ന ആൾക്ക് വേണ്ടി

ശബ്ദങ്ങളെ ഉച്ചത്തിൽ കേൾപ്പിക്കുന്ന ഒരു ഇലക്ട്രോണിക്ക് ഉപകരണമാണ് ശ്രവണ സഹായി. അത് വിലകൂടിയതും വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുമായ ഒരു ഉപകരണമാണ്. ഇപ്പോൾ നിങ്ങൾക്ക് ഒരു ശ്രവണ സഹായി കിട്ടിയിട്ടുണ്ട്, നിങ്ങൾക്ക് അതിൽ നിന്നും ഏറ്റവും നല്ല പ്രയോജനം കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. നല്ല കേൾവി ആസ്വദിക്കാനായി താഴെ പറഞ്ഞിരിക്കുന്ന സൂചികകൾ ശ്രവണ സഹായി ഉപയോഗിക്കുന്ന ആൾ അറിഞ്ഞിരിക്കേണ്ടതാണ്.



## നിങ്ങളുടെ കേൾവി ശക്തി ഇടവിടാതെ പരിശോധിക്കേണ്ടതാണ്.

കേൾവിക്കുറവ് കാലക്രമേണ മാറിമറയാവുന്നതാണ്. നിങ്ങളുടെ കേൾവിശക്തി മോശമാവുകയാണെങ്കിൽ, ശ്രവണ സഹായിയുടെ കാര്യക്ഷമത കുറയാവുന്നതാണ്. നിങ്ങളുടെ ശ്രവണ സഹായിയുടെ ഉപയോഗം ഏറ്റവും കൂടുതൽ കിട്ടാനായി നിങ്ങളുടെ കേൾവിയും, ശ്രവണ സഹായിയും വർഷത്തിൽ ഒരിക്കൽ എങ്കിലും പരിശോധിക്കേണ്ടതാണ്.

കുട്ടികളുടെ കാര്യത്തിൽ ശ്രവണ സഹായി നിർദേശിച്ചിരിക്കുന്നത് കുറച്ച് കാലത്തേയക്ക് മാത്രം ഉള്ളതായിരിക്കും, ഒരൊറ്റ പരിശോധനയിലൂടെ, കുട്ടികൾക്ക് ഏറ്റവും പയോഗപ്രദമായ ശ്രവണ സഹായി ഏതെന്ന് തീരുമാനിക്കാൻ ബുദ്ധിമുട്ടാണ്. ഏറ്റവും നല്ല ശ്രവണ സഹായി കിട്ടുന്നതിനായി, അച്ഛനമ്മമാർ ശ്രവണ വിധഗ്ദനുമായി നിരന്തര സമ്പർക്കം പുലർത്തേണ്ടതാണ്.

## അറിവ് ശേഖരിച്ച് കൊണ്ടിരിക്കുക.

എപ്പോഴും വിപണിയിൽ കിട്ടാവുന്ന ഏറ്റവും പുതിയ ശ്രവണ സഹായിയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് കൊണ്ടിരിക്കുക. ചിലപ്പോൾ പുതിയ മോഡൽ ശ്രവണ സഹായി നിങ്ങൾക്ക് കുറച്ച്കൂടി ഫലപ്രദമാകുന്നതാവാം. അത്തരം ശ്രവണ സഹായികളുടെ വിലയും അതിന്റെ ലഭ്യതയും നിങ്ങളുടെ ശ്രവണ വിദഗ്ദനിൽ നിന്നും എളുപ്പമായി സ്വീകരിക്കാവുന്നതാണ്. ശ്രവണ സഹായി ഗവർണമെന്റ് സ്കീമിൽ നിന്നോ സർവീസ് ഓർഗനൈസെഷനിൽ നിന്നോ കുറഞ്ഞ വിലയക്ക് ലഭിക്കാവുന്നതാണ്. ഇത്തരം അവസരങ്ങൾ നിങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന് നിങ്ങളുടെ ശ്രവണ വിദഗ്ദനുമായി അന്വേഷിക്കുക. ശ്രവണ സഹായി വാങ്ങുന്നതിന് മുമ്പ് തന്നെ നിങ്ങളുടെ കേൾവിശക്തി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ശ്രവണ സഹായിയുടെ സ്പെയർ പാർട്ട്സും നിങ്ങൾക്ക് സർവീസ് ഓർഗനൈസേഷനിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് വാങ്ങാവുന്നതാണ്



## നിങ്ങളൂടെ ചെവി എപ്പോഴും വൃത്തിയായി സൂക്ഷിക്കുക





നിങ്ങളുടെ ഇ . എൻ. ടി ഡോക്ടറെ ഇടവിട്ട് സന്ദർശിക്കുക. ചെവിയുടെ കായവും ചെവിദ്വാരത്തിലെ പൊടി പടലങ്ങളും ശബ്ദത്തിന്റെ സഞ്ചാരത്തെ തടസ്സപ്പെടുത്തുകയും, അത് നിങ്ങളുടെ കേൾവിയെ മോശമായി ബാധിക്കുകയും ചെയ്യും. ഇത് നിങ്ങൾക്ക് ശ്രവണ സഹായിയോട് അസംതൃപ്തി ഉണ്ടാക്കാനും കാരണമാകും പലപ്പോഴുമുള്ള ചെവി വേദന, അമിതമായിട്ടുള്ള ചെവിക്കായം മൂലം ഉണ്ടാകാം, അല്ലെങ്കിൽ അത് ചെവിയുടെ ഏന്തെങ്കിലും അസുഖം കൊണ്ടും ഉണ്ടാകാം. നിങ്ങളുടെ ചെവി വൃത്തിയായും ചെവികായം ഇല്ലാതെയും സൂക്ഷിക്കേണ്ടത് നിർബന്ധമാണ്.

### ചെവിയുടെ അച്ച് നന്നായി ഫിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

ചെറിയ കുട്ടികളിലും പ്രായമേറിയ ആളുകളിലും ചെവിയുടെ വലിപ്പവും ആകൃത്തിയും മാറാവുന്നതിനാൽ കുറച്ച് കാലത്തിനു ശേഷം ചെവിയുടെ അച്ച് മാറേണ്ടതും, ക്രൃത്യമായ ഫിറ്റുള്ള പുതിയത് വെയ്ക്കേണ്ടതും അത്യാവശ്യമാണ്.